നഗരഗ്രാമാസൂത്രണ വകുപ്പ്
ജില്ലാ നഗരാസൂത്രണ കാര്യാലയം, കാസറഗോഡ്
ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം

വിഷയം :- ജില്ലാ നഗരാസൂത്രണ കാര്യാലയം, കാസറഗോഡ് - ചെങ്കള ഗ്രാമപഞ്ചായത്ത് - നെക്രജെ വില്ലേജ് - റി.സ.നം. 208/1A1, 208/1C1PT1, 208/1APT2, 208/1C1 - കമ്മ്യൂണിറ്റി ഹാളിനും അനുബന്ധകെട്ടിടങ്ങൾക്കും ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- ശ്രീ.അബ്ദുള്ള കുഞ്ഞി, ജനറൽ സെക്രട്ടറി, മുഹിമത്ത് മുസ്ലി മീൻ എഡ്യുക്കേഷൻ സെന്റർ - ന്റെ അപേക്ഷ.

ഉത്തരവ് നമ്പർ.സി.492/19/ഡിഡിസ്, തീയ്യതി: 30/05/19

കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നെക്രജെ വില്ലേജിൽ റി.സ.നം. 208/1A1, 208/1C1PT1, 208/1APT2, 208/1C1-ൽ പ്പെട്ട 5261.10 ച.മീ. സ്ഥലത്ത് നിലവിലുള്ള വാണിജ്യ/താമസ കെട്ടിടം - 506.76 ച.മീ., വിഭാവന കമ്മ്യൂണിറ്റി ഹാൾ (ഓഡിറ്റോറിയം) - 2006.94 ച.മീ ഉൾപ്പെടെ ആകെ 2513.70 ച.മീ. വിസ്തീർണ്ണമുള്ള ഗ്രൂപ്പ്-ഡി വിനിയോഗ ഗണത്തിൽപ്പെടുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി പരാമർശിത കത്ത് മുഖേന ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011 നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടത്തിന്റെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ:-

1. കെ.പി.ബി.ആർ 2011 ചട്ടം 11(1) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. അപേക്ഷകൻ അനുബന്ധ ഏജൻസികളിൽ നിന്നും പ്രത്യേകിച്ച് ഫയർ ഫോഴ്സ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി. ലഭ്യമാക്കേണ്ടതാണ്.
3. മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് നമ്പർ നൽകുന്നതിന് മുൻപായി പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. കെ.പി.ബി.ആർ 2011 ചട്ടം 57 (12A) പ്രകാരം ദ്രവ്യ മാലിന്യ സംസ്കരണ ശാലക്കായി യഥാസ്ഥാനത്ത് പ്രത്യേകം വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്. കൂടാതെ കെ.പി.ബി.ആർ 2011 ചട്ടം (12B) പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ഫലമായി ഉൽപ്പാദിക്കപ്പെടുന്ന മലിന ജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുൽപ്പാദനത്തിനും പുനരുപയോഗത്തിനും പ്രത്യേകമായി വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്.
5. കെ.പി.ബി.ആർ 2011 ചട്ടം 38 പ്രകാരം പാർക്കിംഗ് സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിന് ശേഷമേ കെട്ടിടത്തിന് നമ്പർ നൽകാവൂ.
6. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
7. അംഗവൈകല്യമുള്ളവർക്കുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം സൈറ്റിൽ ഏർപ്പെടുത്തേണ്ട താണ്.

അംഗീകരിച്ച ഒരു സൈറ്റ് പ്ലാൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ജില്ലാ നഗര.ഗ്രാമ.സൂത്രണ കാര്യാലയം
പി.ഒ. വിദ്യാനഗർ
671123
തീയ്യതി .....
കാസറഗോഡ്

പി.രവികുമാർ
ടൗൺ പ്ലാനർ
കാസറഗോഡ്

ഉള്ളടക്കം: പ്ലാൻ

To

ശ്രീ.അബ്ദുള്ള കുഞ്ഞി, ജനറൽ സെക്രട്ടറി, മുഹിമത്ത് മുസ്ലി മീൻ എഡ്യുക്കേഷൻ സെന്റർ

പകർപ്പ്:
1. സെക്രട്ടറി, ചെങ്കള ഗ്രാമപഞ്ചായത്ത്
2. വെബ്സൈറ്റ്
3. കരുതൽ ഫയൽ
4. അധികം